# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *258 — 11.12.2014-ൽ മറുപടിയ്ക്ക്

## റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ<br>,, മുല്ലക്കര രത്നാകരൻ<br>,, ബി.എസ്.ജയലാൽ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡുകളുടെ ഗുണ നിലവാരം പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളു ണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനം നിർവഹിക്കുന്നു. ജില്ലാ ലാബുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവർത്തി ക്കുന്നു. |
| (ബി) | റോഡ് നികുതിയിനത്തിൽ പ്രതി വർഷം എന്ത് തുക പിരിച്ചെടുക്കു ന്നുണ്ട് ; ഇതിൽ റോഡ് നിർമ്മാണ ത്തിനും അറ്റകുറ്റപ്പണികൾക്കുമായി എന്ത് തുക ചെലവഴിക്കുന്നുണ്ട് ; | (ബി) | 2013-14 സാമ്പത്തിക വർഷം മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് പ്രകാരം പിരിച്ചെടുത്ത തുക 2161.09 കോടി രൂപ ആയിരുന്നു. ടി സാമ്പത്തിക വർഷം റോഡ് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2975.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | കേരളത്തിലെ റോഡുകൾക്ക് വേണ്ടത്ര നിലവാരമില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ; ഉണ്ടെങ്കിൽ അത് പരി ഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടു ത്താമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ നിലവാരത്തിൽ BM & BC ഉപയോഗിച്ച് റോഡുകൾ നിർമ്മി ക്കുന്നത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി ഏറ്റെടുത്ത് നടത്തിവരുന്നു. പ്രവൃത്തികൾ നടക്കുന്ന സമയത്തുള്ള ഗുണ നിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ അറിയിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ